Title : സൈനികൻ്റെ നൊമ്പരങ്ങൾ..

പച്ചിരുമ്പിൻ്റെ മണം ഏറെ ഇഷ്ടം
ആയുധം എണ്ണ ഇട്ടു മിനുക്കാൻ അതിലേറെ ..
ചുടു ചോരയുടെ നിറം തീരെ പിടിക്കില്ല
ഗന്ധം അതിലേറെ മനം പുരട്ടും
സൈനിക പരിശീലനങ്ങൾ നല്ല പാഠങ്ങൾ .
അച്ചടക്കത്തിൻ്റെ ജീവിത ചര്യകൾ
ഒരേ നിറത്തിൽ ഒരേ ബാരക്കിൽ
ഒരേ ഭക്ഷണം ,ഇവിടെ ഏവരും തുല്യർ.
അഗ്നി വലയത്തിലൂടെ ചാടിയും
ഉന്നം തെറ്റാതെ കാഞ്ചി വലിച്ചും
മുട്ടിൽ ഇഴഞ്ഞു നീങ്ങിയും
പഠിചെടുത്തു മുറകൾ ഏറെയും
കരളുറപ്പുണ്ട് പർവതം കേറുവാൻ
നെൻചൂക്കുണ്ട് മഹാമാരി താങ്ങുവാൻ .
എന്നാൽ ആവില്ല അപരൻ്റെ മാറു പിളർക്കുവാൻ ..
മൃതിയെ ഭയമില്ല പക്ഷേ ,
യുദ്ധങ്ങൾ ഇല്ലാതിരുന്നെങ്കിൽ ...
ഷാഫി. പിസി. പാലം